(ബി) കൊടുത്തു കഴിഞ്ഞുവെങ്കിൽ എത്ര രൂപയ്ക്കാണ് കരാർ ഉറപ്പിച്ചത്;

(സി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്നു തുടങ്ങുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഒന്നാം ഘട്ടത്തിന്റെ (0/0–4/500) പണിക്ക് കരാർ കൊടുത്തു കഴിഞ്ഞു.

(ബി) 19.91 ലക്ഷം രൂപ.

(സി) പണി തുടങ്ങുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മാവൂർ–പന്നിക്കോട് റോഡ്

372 [702] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ–പന്നിക്കോട് റോഡും എടവഴിക്കടവു പാലവും ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത റോഡ് ഏറ്റെടുത്തു റോഡിനേറെയും പാലത്തിനേറെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും പണം കടമെടുത്ത് ഈ പാലം പണിയുന്നതിനു സാധിക്കുമോ എന്ന കാര്യം പരിശോധിക്കുന്നതിനു കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനു നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൻമേലുള്ള റിപ്പോർട്ടു ലഭിച്ചതിനു ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

കക്കയം റോഡിനു ഉരുൾപൊട്ടൽമൂലം ഉണ്ടായ നഷ്ടം

373 [703] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കക്കയം റോഡിനു 1984–ലെ ഉരുൾപൊട്ടൽമൂലം എത്ര രൂപയുടെ നഷ്ടം വന്നിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഉരുൾപൊട്ടൽമൂലം റോഡ് ഗതാഗതത്തിനു വന്ന തടസ്സം നീക്കുവാനും താൽക്കാലികമായി ഗതാഗതം പുനരാരംഭിക്കുവാനുമായി ഈ റോഡിൽ എത്ര രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കക്കയം റോഡിനു 1984–ലെ ഉരുൾപൊട്ടൽമൂലം 22,53,441 രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly